"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല താലൂക്കിൽ ഉടുമ്പൻചോല വില്ലേജിൽ ബ്ലോക്ക് നമ്പർ 23ൽ റീസർവ്വെ നമ്പർ 267/5ൽ ഉൾപ്പെട്ട 0.1760ഹെക്ടർ (17.6 ആർസ്) റവന്യൂ പുറമ്പോക്ക് ഭൂമി 33KV സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് (കെ.എസ്.ഇ.ബി) 30 വർഷത്തേയ്ക്ക് പാട്ടത്തിന് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ(എ) വകുപ്പ്**

സ.ഉ.(കൈ) നം.5/2024/RD തീയതി,തിരുവനന്തപുരം, 05-01-2024

---

പരാമർശം:-

1. സ.ഉ.(കൈ) നം.96/16/റവ തീയതി, 06/02/2016
2. ഇടുക്കി ജില്ലാ കളക്ടറുടെ 01.04.2023 ലെ DCIDK/2512/2020-C13 നം കത്ത്.
3. ലാന്റ് റവന്യൂ കമ്മീഷണറുടെ 03.04.2023, 31.10.2023 തീയതികളിലെ LR/8682/2022-LR(J1) നം കത്തുകൾ

**<u>ഉത്തരവ്</u>**

ഇടുക്കി ജില്ലയിൽ ഉടുമ്പൻചോലയിൽ 33KV സബ്സ്റ്റേഷന്റെ നിർമ്മാണത്തിനായി ഉടുമ്പൻചോല വില്ലേജിൽ 23 -ാം ബ്ലോക്കിൽ 330/2 നം സർവ്വേ നമ്പരിലുള്ള 50 സെന്റ് റവന്യൂ ഭൂമി പാട്ടത്തിന് അനുവദിക്കണമെന്ന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ആവശ്യപ്പെട്ടിരുന്നു.

2. ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല താലൂക്കിൽ ഉടുമ്പൻചോല വില്ലേജിൽ ബ്ലോക്ക് നമ്പർ 23ൽ റീസർവ്വെ നമ്പർ 267/5ൽ ഉൾപ്പെട്ട 0.1760ഹെക്ടർ (17.6 ആർ) റവന്യൂ പുറമ്പോക്ക് ഭൂമി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി പാട്ടത്തിന് അനുവദിക്കുന്നതിന് ലാന്റ് റവന്യൂ കമ്മീഷണർ പരാമർശം (3) പ്രകാരം പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി . പ്രസ്തുത ഭൂമിയ്ക്ക് കമ്പോളവില ആർ ഒന്നിന് 52,800 / - രൂപ നിശ്ചയിച്ചിട്ടുള്ളതും അത് പ്രകാരം 17.6 ആർ ഭൂമിയുടെ കമ്പോള വില 9,29,280 /- രൂപ കണക്കാക്കിയിട്ടുള്ളതായും ലാന്റ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. പഞ്ചായത്ത് പ്രദേശങ്ങളിലെ സർക്കാർ ഭൂമി പാട്ടത്തിനു നൽകുന്നതിനുള്ള നിരക്കുകൾ പരാമർശം (1) പ്രകാരം നിശ്ചയിച്ചിട്ടുള്ളതാണ്. അപ്രകാരം കമ്പോളവിലയുടെ 2% നിരക്കിൽ ആകെ 17.6 ആർ ഭൂമിയുടെ പ്രതിവർഷ പാട്ടത്തുക 18585.6/- രൂപയായി നിശ്ചയിച്ചിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല താലൂക്കിൽ ഉടുമ്പൻചോല വില്ലേജിൽ ബ്ലോക്ക് നമ്പർ 23ൽ റീസർവ്വെ നമ്പർ 267/5ൽ ഉൾപ്പെട്ട 0.1760ഹെക്ടർ (17.6 ആർ) റവന്യൂ പുറമ്പോക്ക് ഭൂമി 33KV സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനായി 18585.6/- രൂപ പ്രതിവർഷ പാട്ട നിരക്കിലും ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായും

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് 30 വർഷത്തേക്ക് പാട്ടത്തിന് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

<u>നിബന്ധനകൾ</u>

i) ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ .

ii) ഭൂമി ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ അന്യാധീനപ്പെടുത്തുവാനോ പാടില്ല.

iii) ഭൂമി ഉപപാട്ടത്തിന് / തറവാടകയ്ക്ക് നൽകുവാൻ പാടില്ല.

iv) ഭൂമി അനുവദിച്ച് ഒരു വർഷത്തിനുള്ളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ് .

v) ഭൂമി എല്ലാതരത്തിലുമുള്ള കൈയ്യേറ്റങ്ങളിൽ നിന്നും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് തന്നെ ചുറ്റുമതിൽ കെട്ടി സംരക്ഷിക്കേണ്ടതാണ് .

vi) ഓരോ മൂന്നു വർഷം തോറും പാട്ടം പുതുക്കേണ്ടതാണ് .

vii) ഭൂമിയിലെ മരങ്ങൾ മുറിക്കുവാൻ പാടില്ല . അഥവാ മുറിക്കേണ്ടി വന്നാൽ റവന്യൂ അധികാരികളുടെ മുൻകൂർ അനുമതി വാങ്ങിയശേഷമെ മുറിക്കുവാൻ പാടുള്ളൂ . കൂടാതെ മുറിക്കുന്നതിന്റെ മൂന്നിരട്ടി എണ്ണം വൃക്ഷതൈകൾ നട്ടു വളർത്തി പരിപാലിക്കേണ്ടതാണ് .

viii) പാട്ടത്തുക എല്ലാ സാമ്പത്തിക വർഷത്തിന്റെയും ആദ്യ മൂന്നു മാസത്തിനുള്ളിൽ തന്നെ ഒടുക്കേണ്ടതാണ് . പാട്ട വസ്തുവിൽ നിന്നും ഭാവിയിൽ റോഡ് വികസനം , സർവ്വീസ് ലൈനുകൾ സ്ഥാപിക്കൽ , മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്ക് സ്ഥലം ആവശ്യമായി വരികയാണെങ്കിൽ ആയത് നിർബന്ധമായും നഷ്ടപരിഹാരം കൂടാതെ സർക്കാരിന് നല്കേണ്ടതാണ് .

ix) മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ഒന്ന് ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

1. ലാന്റ് റവന്യൂ കമ്മീഷണർ,തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ(എ&ഇ / ആഡിറ്റ്) കേരള, തിരുവനന്തപുരം
3. ജില്ലാ കളക്ടർ, ഇടുക്കി
4. ചെയർമാൻ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്,തിരുവനന്തപുരം
5. പൊതുഭരണ (എസ്.സി) വകുപ്പ് ( ഇനം നം 1955, തീയതി 03.01.2024)
6. ധനവകുപ്പ് ( E 92435745 NO.EXP-D3/74/2023-FIN, തീയതി 15.06.2023 പ്രകാരം)
7. ഊർജ്ജ വകുപ്പ് ( PWR-C3/192/2020-POWER)
8. ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് &ന്യൂ മീഡിയ)
9. കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം,
Signed by
Sureshkumar K
Date: 05-01-2024 15:05:13
സെക്ഷൻ ഓഫീസർ

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 03-01-2024

ഫയൽ നം. എ2/161/2021/റവ. ഇനം നം: 1955

വിഷയം : റവന്യൂ വകുപ്പ് - ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല താലൂക്കിൽ ഉടുമ്പൻചോല വില്ലേജിൽ ബ്ലോക്ക് നമ്പർ 23-ൽ റീസർവ്വെ നമ്പർ 267/5-ൽ ഉൾപ്പെട്ട 0.1760 ഹെക്ടർ (17.6 ആർ) റവന്യൂ പുറമ്പോക്ക് ഭൂമി 33 KV സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് 30 വർഷത്തേക്ക് പാട്ടത്തിന് അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

1955

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | എ 2/161/2021/റവ. |
| 2. | വകുപ്പ് | : | റവന്യൂ (എ) വകുപ്പ് |
| 3. | വിഷയം | : | ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല താലൂക്കിൽ ഉടുമ്പൻചോല വില്ലേജിൽ ബ്ലോക്ക് നമ്പർ 23 ൽ റീസർവ്വെ നമ്പർ 267/5 ൽ ഉൾപ്പെട്ട 0.1760 ഹെക്ടർ (17.6 ആർ)റവന്യൂ പുറമ്പോക്ക് ഭൂമി 33KV സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് 30 വർഷത്തേക്ക് പാട്ടത്തിന് അനുവദിക്കുന്നത് - സംബന്ധിച്ച് . |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 19/08/2023 |
| 5. | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ ? | : | അതെ |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി.മേരി ലാലി.സി.വൈ |
| 8. | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ടിങ്കു ബിസ്വാൾ |
| 9. | മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 07/12/2023 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വേണു.വി |
| 11. | മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 09/12/2023 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.കെ.രാജൻ |
| 13. | മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 18/12/2023 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 21/12/2023 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല താലൂക്കിൽ ഉടുമ്പൻചോല വില്ലേജിൽ ബ്ലോക്ക് നമ്പർ 23 ൽ റീസർവ്വെ നമ്പർ 267/5 ൽ ഉൾപ്പെട്ട 0.1760 ഹെക്ടർ (17.6 ആർ)റവന്യൂ പുറമ്പോക്ക് ഭൂമി 33KV സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനായി പ്രതിവർഷം 18,585.6/- രൂപ പാട്ടനിരക്കിൽ നിബന്ധനകൾക്ക് വിധേയമായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് 30 വർഷത്തേക്ക് പാട്ടത്തിന് അനുവദിക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ് .

2. ഇടുക്കി ജില്ലയിൽ ഉടുമ്പഞ്ചോലയിൽ 33 KV സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി സർക്കാർ ഭൂമി അനുവദിക്കണമെന്ന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ആവശ്യപ്പെട്ടിരുന്നു. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് ഭൂമി അനുവദിക്കുന്നതിനായി ഊർജ്ജ വകുപ്പും ശുപാർശ ചെയ്തിരുന്നു. ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല താലൂക്കിൽ ഉടുമ്പൻചോല വില്ലേജിൽ ബ്ലോക്ക് നമ്പർ 23 ൽ റീസർവ്വെ നമ്പർ 267/5 ൽ ഉൾപ്പെട്ട 0.1760 ഹെക്ടർ (17.6 ആർ)റവന്യൂ പുറമ്പോക്ക് ഭൂമി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി പാട്ടത്തിന് അനുവദിക്കുന്നതിന് ലാന്റ് റവന്യൂ കമ്മീഷണർ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത ഭൂമിയ്ക്ക് കമ്പോളവില ആർ ഒന്നിന് 52,800/- രൂപ നിശ്ചയിച്ചിട്ടുള്ളതും അത് പ്രകാരം 17.6 ആർ ഭൂമിയുടെ കമ്പോള വില 9,29,280/- രൂപ കണക്കാക്കിയിട്ടുള്ളതായും ലാന്റ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് പ്രദേശങ്ങളിലെ സർക്കാർ ഭൂമി പാട്ടത്തിനു നൽകുന്നതിനുള്ള നിരക്കുകൾ സ.ഉ.(കൈ)നം.96/16/റവ തീയതി, 06/02/2016 പ്രകാരം കമ്പോളവിലയുടെ 2% ആയി നിശ്ചയിച്ചിട്ടുള്ളതാണ്. അപ്രകാരം ആകെ 17.6 ആർ ഭൂമിയുടെ പ്രതിവർഷ പാട്ടത്തുക 18585.6/- രൂപയായി നിശ്ചയിച്ചിട്ടുണ്ട്.

3. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി.

" ഉടുമ്പൻചോല പ്രദേശത്ത് നേരിടുന്ന വോൾട്ടേജ് പ്രശ്നം പരിഹരിക്കുന്നതിനായി 33 കെ.വി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനായാണ് കെ.എസ്.ഇ.ബി ആവശ്യപ്പെട്ടിരിക്കുന്നത് എന്നതിനാൽ ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ഉടുമ്പൻചോല താലൂക്കിൽ ഉടുമ്പൻചോല വില്ലേജിൽ ബ്ലോക്ക് നമ്പർ 23 ൽ റീസർവ്വെ നമ്പർ 267/5 ൽ ഉൾപ്പെട്ട 0.1760 ഹെക്ടർ (17.6 ആർസ്)റവന്യൂ പുറമ്പോക്ക് ഭൂമി 33 കെ.വി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനായി KSEB യ്ക്ക് 30 വർഷത്തേക്ക് പാട്ടത്തിന് അനുവദിക്കുന്നതിന് ഭരണ വകുപ്പിന് അനുമതി നൽകുന്നു."

i) ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമെ ഉപയോഗിക്കാവൂ .

ii)ഭൂമി ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ അന്യാധീനപ്പെടുത്തുവാനോ പാടില്ല .

iii) ഭൂമി പാട്ടത്തിനു/ഉപപാട്ടത്തിനു / തറവാടകയ്ക്ക് നല്കുവാൻ പാടില്ല .

iv) ഭൂമി അനുവദിച്ച് ഒരു വർഷത്തിനുള്ളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്.

v) ഭൂമി എല്ലാതരത്തിലുള്ള കൈയ്യേറ്റങ്ങളിൽ നിന്നും സ്ഥാപനം തന്നെ ചുറ്റുമതിൽ കെട്ടി സംരക്ഷിക്കേണ്ടതാണ് .

vi) ഓരോ മൂന്നു വർഷം തോറും പാട്ടം പുതുക്കേണ്ടതാണ് .

vii) ഭൂമിയിലെ മരങ്ങൾ മുറിക്കുവാൻ പാടില്ല . അഥവാ മുറിക്കേണ്ടി വന്നാൽ റവന്യൂ അധികാരികളുടെ മുൻകൂർ അനുമതി വാങ്ങിയശേഷമെ മുറിക്കുവാൻ പാടുള്ളൂ . കൂടാതെ മുറിക്കുന്നതിന്റെ മൂന്നിരട്ടി എണ്ണം വൃക്ഷതൈകൾ നട്ടു വളർത്തി പരിപാലിക്കേണ്ടതാണ് .

viii) പാട്ടത്തുക എല്ലാ സാമ്പത്തിക വർഷത്തിന്റെയും ആദ്യ മൂന്നു മാസത്തിനുള്ളിൽ തന്നെ ഒടുക്കേണ്ടതാണ് . പാട്ട വസ്തുവിൽ നിന്നും ഭാവിയിൽ റോഡ് വികസനം , സർവ്വീസ് ലൈനുകൾ സ്ഥാപിക്കൽ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്ക് സ്ഥലം ആവശ്യമായി

വരികയാണെങ്കിൽ ആയത് നിർബന്ധമായും നഷ്ടപരിഹാരം കൂടാതെ സർക്കാരിന് നൽകേണ്ടതാണ് .

ix) മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ഒന്ന് ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ് .

4. ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല താലൂക്കിൽ ഉടുമ്പൻചോല വില്ലേജിൽ ബ്ലോക്ക് നമ്പർ 23 ൽ റീസർവ്വെ നമ്പർ 267/5 ൽ ഉൾപ്പെട്ട 0.1760 ഹെക്ടർ (17.6 ആർ)റവന്യൂ പുറമ്പോക്ക് ഭൂമി 33KV സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് 30 വർഷത്തേക്ക് പാട്ടത്തിന് അനുവദിക്കുന്നത് സംബന്ധിച്ച വിഷയത്തിൽ ഉത്തരവിനായി ഫയൽ ചംക്രമണം ചെയ്തപ്പോൾ പ്രസ്തുത വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിരുന്നു.

## തീരുമാനിക്കേണ്ട വിഷയം

ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല താലൂക്കിൽ ഉടുമ്പൻചോല വില്ലേജിൽ ബ്ലോക്ക് നമ്പർ 23 ൽ റീസർവ്വെ നമ്പർ 267/5 ൽ ഉൾപ്പെട്ട 0.1760 ഹെക്ടർ (17.6 ആർ)റവന്യൂ പുറമ്പോക്ക് ഭൂമി 33KV സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനായി പ്രതിവർഷം 18,585.6/- രൂപ പാട്ടനിരക്കിൽ ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് 30 വർഷത്തേക്ക് പാട്ടത്തിന് അനുവദിക്കാവുന്നതാണോ?

<u>നിബന്ധനകൾ</u>

i) ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമെ ഉപയോഗിക്കാവൂ .

ii) ഭൂമി ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ അന്യാധീനപ്പെടുത്തുവാനോ പാടില്ല.

iii) ഭൂമി ഉപപാട്ടത്തിന് / തറവാടകയ്ക്ക് നല്കുവാൻ പാടില്ല.

iv) ഭൂമി അനുവദിച്ച് ഒരു വർഷത്തിനുള്ളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്.

v) ഭൂമി എല്ലാതരത്തിലുള്ള കൈയ്യേറ്റങ്ങളിൽ നിന്നും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് തന്നെ ചുറ്റുമതിൽ കെട്ടി സംരക്ഷിക്കേണ്ടതാണ് .

vi) ഓരോ മൂന്നു വർഷം തോറും പാട്ടം പുതുക്കേണ്ടതാണ് .

vii) ഭൂമിയിലെ മരങ്ങൾ മുറിക്കുവാൻ പാടില്ല . അഥവാ മുറിക്കേണ്ടി വന്നാൽ റവന്യൂ അധികാരികളുടെ മുൻകൂർ അനുമതി വാങ്ങിയശേഷമെ മുറിക്കുവാൻ പാടുള്ളൂ . കൂടാതെ മുറിക്കുന്നതിന്റെ മൂന്നിരട്ടി എണ്ണം വൃക്ഷതൈകൾ നട്ടു വളർത്തി പരിപാലിക്കേണ്ടതാണ് .

viii) പാട്ടത്തുക എല്ലാ സാമ്പത്തിക വർഷത്തിന്റെയും ആദ്യ മൂന്നു മാസത്തിനുള്ളിൽ തന്നെ ഒടുക്കേണ്ടതാണ് . പാട്ട വസ്തുവിൽ നിന്നും ഭാവിയിൽ റോഡ് വികസനം , സർവ്വീസ് ലൈനുകൾ സ്ഥാപിക്കൽ , മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്ക് സ്ഥലം ആവശ്യമായി വരികയാണെങ്കിൽ ആയത് നിർബന്ധമായും നഷ്ടപരിഹാരം കൂടാതെ സർക്കാരിന് നല്കേണ്ടതാണ് .

ix) മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ഒന്ന് ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ് .